ഉപാശുപത്രികളുടെ എണ്ണം.

* 852. [48] ശ്രീ ഏ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര ഉപാശുപത്രിയുണ്ടു് ; എല്ലാ ആശുപത്രികളിലും ഡാക്ടറന്മാർ ഉണ്ടോ ;

(ബി) തൊടുപുഴ ഉപാശുപത്രിയിൽ ഡാക്ടറില്ലാതായിട്ടു് വളരെ നാളുകളായില്ലേ ;

(സി) ഈ ആശുപത്രിയേടനുബന്ധിച്ചു് ഒരു വിത്തുകാളയെ നൽകുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. ഏ. ഏ. റഹിം):

(എ) 38. ആറു് ആശുപത്രികളിലൊഴികെ മറെറല്ലായിടത്തും ഡാക്ടറന്മാരുണ്ടു്.

(ബി) തൊടുപുഴ ഉപാശുപത്രിയിൽ ഡാക്ടറില്ലാതായിട്ടു് ഒരു കൊല്ലത്തിനു മേലായിട്ടുണ്ടു്.

(സി) ഇതിനെക്കുറിച്ചു് ആലോചിക്കാം.

കോടതികളുടെ അധികാരാതിർത്തികൾ.

* 853. [53] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ–കൊച്ചു് യിലെ കോടതികളുടെ അധികാരാതിർത്തികൾ നിശ്ചയിക്കുന്നതു സംബന്ധിച്ചു ഒരു കമ്മിഷനെ ഗവണ്മെൻറിൽ നിന്നും നിയമിച്ചിട്ടുണ്ടോ :

(ബി) ഈ കമ്മിഷനെ നിയമിച്ചതിനുശേഷം ഏതെല്ലാം കോടതികളുടെ അധികാരാതിർത്തികൾ ഭേദപ്പെടുത്തിയിട്ടുണ്ടു് ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഡി) ആലുവാ ഒന്നാംക്ലാസ്സു് മജിസ്ട്രേട്ട കോടതിയുടെ അധികാരപരിധി കുറവുചെയ്തതു് എന്താണു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടായിരുന്നു.

(ബി) ഉണ്ടു്. കോർട്ടു് അതിർത്തികളിൽ വരുത്തിയ്ട്ടുള്ള മാറാങ്ങൾ കാണിക്കുന്ന വിജ്ഞാപനത്തിൻെറ പകർപ്പു† മേശപ്പുറത്തു് വച്ചിരിക്കുന്നു.

(ഡി) കുറവു വരുത്തിയിട്ടില്ല.

മത്സ്യത്തൊഴിലാളികൾക്കു് വള്ളത്തിനു തുടി.

* 854. [58] ശ്രീ. കെ. സ്. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കു് വള്ളമുണ്ടാക്കുന്നതിനു 1954–55–ൽ കൺസഷൻ റേറിൽ എത്ര തടികൂടി കൊടുത്തിട്ടുണ്ടു് ;

† Please See Appendix XIII.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1955-56-ലേയ്ക്ക് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(സി) മത്സ്യത്തൊഴിലാളികൾക്ക് തടികൾ കൊടുക്കുന്നതു കൂടാതെ മറ്റേതെങ്കിലും വിധത്തിലുള്ള ധനസഹായം ചെയ്യുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) മത്സ്യത്തൊഴിലാളികൾക്ക് വള്ളമുണ്ടാക്കുന്നതിനു 1954-55-ൽ കൺസഷൻ റേറ്റിൽ തടികൾ കൊടുത്തിട്ടില്ല.

(ബി) 101 അപേക്ഷകൾ.

(സി) ഉണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ഉണക്കുന്നതിനു് ആവശ്യമായ ഉപ്പ് സൗജന്യനിരക്കിൽ കൊടുത്തുവരുന്നുണ്ട്.

ട്രാൻസ്പോർട്ട് സമരകാലത്ത് ലീവിൽ നിന്നിരുന്ന തൊഴിലാളികൾ

*855. [61] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് സമരകാലത്തു ലീവിൽ നിന്നിരുന്ന തൊഴിലാളികൾ അവരുടെ ലീവ് കാൻസൽ ചെയ്ത് ജോലിയിൽ പ്രവേശിക്കണമെന്നാവശ്യപ്പെട്ടിട്ട്, അങ്ങനെ ചെയ്യാത്ത കാരണത്താൽ ഇന്നും ജോലിയിൽ പ്രവേശിപ്പിക്കാതെ ഏതെങ്കിലും തൊഴിലാളികളെ നിർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ആരെല്ലാമാണ്;

(സി) അവർ ജോലിയിൽ ഹാജരാകാതിരുന്നതിനു് പറഞ്ഞിരിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) അവരെ സംബന്ധിച്ച് അവസാനമായി ഒരു തീരുമാനം ചെയ്യുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഉണ്ട്.

(ബി) പി. കെ. രാമൻ, സത്യരാജപ്പണിക്കർ, കേരളവർമ്മ എന്നു് മൂന്നു കണ്ടക്ടർമാരും, പി. ഇ. ഈപ്പൻ എന്നൊരു ക്ലീനറും.

(സി) ചികിത്സ, തനതാവശ്യങ്ങൾ മുതലായ കാരണങ്ങളാണ് കാണിച്ചിരിക്കുന്നതു്.

(ഡി) ഈ കാര്യം ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ട്രാൻസ്പോർട്ട് ബസ്സുകളിൽ പ്രസ്സുകാർക്ക് ഫ്രീ പാസ്സ്.

*856. [68] ഡാക്ടർ എൻ. കെ. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ട്രാൻസ്പോർട്ട് ബസ്സുകളിൽ പ്രസ്സുകാർക്ക് ഫ്രീ പാസ്സ് എന്നതു് കൊടുത്തതു്;

LIBRARY ARCHIVES Kerala Legislative Assembly